**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. T.2510 — 11/10/2011-ൽ മറുപടിയ്ക്ക്

## ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) ഇത് രൂപീകരിക്കുന്നതിനുള്ള ലക്ഷ്യം വ്യക്തമാക്കാമോ ;<br>(സി) വികസന പ്രവർത്തനത്തിന് ഭൂമി ലഭിക്കാത്ത സാഹചര്യം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (എ) (ബി) & (സി) പദ്ധതികൾ നടപ്പാക്കുമ്പോൾ സമീപപ്രദേശങ്ങൾ വികസിക്കുന്നതിന്റെ ഗുണഫലങ്ങൾ ഭൂദാതാക്കൾക്ക് ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് പരിഹരിക്കാനായി ഭൂഉടമയുടെ കൂടി സമ്മതത്തോടെ അവർക്ക് ഭൂമിയുടെ വിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായ വില ലഭിക്കുന്ന രീതിയിൽ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ നൽകുന്ന കാര്യം പുതിയ പുനരധിവാസ നയത്തിൽ സർക്കാർ പരിഗണിക്കുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപികരിക്കുന്ന കാര്യവും സർക്കാർ ആലോചിക്കുന്നുണ്ട്. പുതിയ പുനരധിവാസ നയം പ്രാബല്യത്തിലാകുന്നതോടെ വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ലഭിക്കാത്ത സാഹചര്യം ഉണ്ടാവില്ലെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ